ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ, അതിന്റെ സംസ്ഥാന / കേന്ദ്ര ഭരണ പ്രദേശ ഘടക ഹജ്ജ് കമ്മിറ്റികളുടെ പ്രവര്ത്തനങ്ങള് അവലോകനം ചെയ്യുവാനായി ഉന്നതാധികാര സമിതി സ്ഥാപിച്ചു

ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെയും Hajj Committee of India (HCOI), അതിന്റെ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഹജ്ജ് കമ്മിറ്റി ഘടകങ്ങളുടെ പ്രവര്ത്തനം പരിശോധിക്കുവാനും കമ്മിറ്റികളുടെ പ്രവര്ത്തനങ്ങള് മെച്ചപ്പെടുത്തുന്നതിനായി അവര് നല്കിയിരിക്കുന്ന

നിര്ദ്ദേശങ്ങള് , എന്നിവ പരിഗണിക്കുന്നതിനുമായി ഒരു ഉന്നതാധികാര സമിതിയെ (High Powered Committee (HPC) ഇന്ത്യ ഗവണ്മെന്റ് നിയമിച്ചു. . ഇതുമായി ബന്ധപ്പെട്ട പൊതുതാത്പര്യ ഹര്ജിയില് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ തീരുമാനത്തിന് അനുസൃതമായാണ് ഈ തീരുമാനം

2. ഉന്നതാധികാര സമിതിക്കാവശ്യമായ സഹായങ്ങള് കേന്ദ്ര വിദേശ കാര്യ മന്ത്രാലയം നല്കും . ഒഡീഷ ഹൈക്കോടതിയിലെ , (ഭുവനേശ്വറിലെ,) മുന് ചീഫ് ജസ്റ്റിസ് ജസ്റ്റിസ് (റിട്ട) ബിലാല് നസാക്കി അദ്ധ്യക്ഷനായുള്ള , നാലംഗ ഉന്നതാധികാര സമിതിയില് സൌദി അറേബ്യയിലേക്കുള്ള ഇന്ത്യന് പ്രത്യേക ദൂതന് അംബാസഡര് ഇഷ്റാത്ത് അസിസ് , ബീഗം നൂര് ബാനോ , റാംപൂര് ഹൌസ് , ബോംബെ മെര്കന്റൈല് കോ ഓപ്പറേറ്റീവ് ബാങ്ക് ഡിറക്ടര് ശ്രീ മെഹ്മൂദ് യു ആര് റഹ്മാന് എന്നിവരാണ് സമിതി അംഗങ്ങള്

3. ഉന്നതാധികാര സമിതിയുടെ പ്രവര്ത്തന ലക്ഷ്യങ്ങള് (i) ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ, അതിന്റെ സംസ്ഥാന / കേന്ദ്ര ഭരണ പ്രദേശ ഘടക ഹജ്ജ് കമ്മിറ്റികളുടെ പ്രവര്ത്തനങ്ങള് അവലോകനം ചെയ്യുക (ii) അവയുടെ പ്രവര്ത്തനങ്ങള് മെച്ചപ്പെടുത്തുന്നതിനായി അവര് നല്കിയിരിക്കുന്ന നിര്ദ്ദേശങ്ങള് , പരാതികള് എന്നിവ പരിഗണിക്കുക . പത്തു മാസം കൊണ്ട് ഉന്നതാധികാര സമിതി കാര്യങ്ങള് പഠിച്ചു റിപ്പോര്ട്ട് സമര്പ്പിക്കും .

4. കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി സല്മാന് ഖുര്ഷിദ് ഉന്നതാധികാര പ്രതിനിധി സംഘത്തെ ഒക്ടോബര് ഒന്പതിന് (ഒക്ടോബര് 09, 2013 ), സ്വീകരിക്കുകയും ഇന്ത്യാ ഗവണ്മെന്റ് പ്രാധാന്യത്തോടെ ഉന്നതാധികാര സമിതിയില് വിശ്വാസത്തോടെ ഏല്പ്പിച്ച ദൌത്യത്തെ കുറിച്ചു സംസാരിക്കുകയും ചെയ്തു . ശ്രീ സല്മാന് ഖുര്ഷിദുമായി നടത്തിയ കൂടിക്കാഴ്ചയെ തുടര്ന്നു ഉന്നതാധികാര സമിതി വിദേശകാര്യമന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായും ഹജ്ജ് കമ്മിറ്റി ഇന്ത്യയുടെ അധ്യക്ഷനുമായും കൂടിക്കാഴ്ചകള് നടത്തുകയും അവരുടെ കര്മ്മ പദ്ധതികള് ചര്ച്ച ചെയ്യുകയും ഈ ദൌത്യം ത്വരിതമായി പൂര്ത്തീകരിക്കുന്നതിനായി ആവശ്യമായ രൂപരേഖ തയാറാക്കുകയും ചെയ്തു .

5. ഹജ്ജ് തീര്ഥാടനം, കാര്യക്ഷമവും ബുദ്ധിമുട്ടുകളും പ്രശ്നങ്ങളുമില്ലാതെയും നടപ്പാക്കുന്നതിനും ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ , അതിന്റെ സംസ്ഥാന / കേന്ദ്രഭരണ പ്രദേശ ഘടക ഹജ്ജ് കമ്മിറ്റികള് എന്നിവയുടെ പ്രവര്ത്തനങ്ങള് മെച്ചപ്പെടുത്തുന്നതിന് വേണ്ടിയും ഉന്നതാധികാര സമിതി പൊതുജനങ്ങളില് നിന്നും താത്പര്യമുള്ള അംഗങ്ങളില് നിന്നും നിര്ദ്ദേശങ്ങള് , ആശയങ്ങള് എന്നിവ സ്വാഗതം ചെയ്യുന്നു . അത്തരം ആശയങ്ങള് , നിര്ദ്ദേശങ്ങള് എന്നിവ dirgulf@mea.gov.in അല്ലെങ്കില് dirhaj@mea.gov.in എന്നിവയിലേക്ക്

ഇ- മെയില് ചെയ്യുക

***

ന്യൂ ഡെല്ഹി

ഒക്ടോബര് 10, 2013